**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3140** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിൽ വനിതാ പ്രാതിനിധ്യം 15% വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്, കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കോവിഡ്, ഇലക്ഷൻ എന്നീ കാരണങ്ങളാൽ നിയമനം, പ്രമോഷൻ എന്നിവ യഥാസമയം നടക്കാത്തതിനാൽ, കാറ്റഗറി നമ്പർ 653/2017 വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ; | (ബി) | നിലവിലെ റാങ്ക് ലിസ്റ്റന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | ബറ്റാലിയനുകളിൽ നിന്നും എ.ആർ. ക്യാമ്പുകളിലേക്ക് 100-ൽ അധികം പേരെ മാറ്റി നിയമിക്കപ്പെട്ടതുവഴി വന്ന ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നിവയിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂറായി കണക്കാക്കി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ജനമൈത്രി സുരക്ഷാ പ്രോജക്ടിലേക്ക് 200 പേരെ പുതിയതായി നിയമിക്കുന്നതിലൂടെ വരുന്ന ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | നിലവിലെ അംഗബലത്തിലും അധിക തസ്തികകൾ സൃഷ്ടിച്ച് ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ